പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 551 29.10.2019 ലെ മറുപടിക്ക്

## ചകിരിച്ചോറ് ഉത്പാദന-വിപണന ശൃംഖലാ സിരാകേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) തൃപ്പൂണിത്തുറ നിയോജക മണ്ഡല ത്തിലെ ഇടക്കൊച്ചി വില്ലേജിൽ രണ്ട് ഏക്കർ എൺപത് സെന്റ് സ്ഥലത്ത് ഉപയോഗശൂന്യമായി കിടക്കുന്ന ഗോഡൗൺ സമുച്ചയത്തെ കേരള സർക്കാർ നടപ്പിലാക്കി വരുന്ന പ്രദേശിക ചകിരി, ചകിരിച്ചോറ് ഉത്പാദന-വിപണന ശൃംഖലയുടെ സിരാകേന്ദ്രമാക്കി മാറ്റുന്നതിനായി കയർഫെഡ് വിഭാവനം ചെയ്ത പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | എ) കേരളത്തിന് പുറത്തുള്ള സ്ഥലങ്ങളിൽ നിന്നും ചകിരി സംഭരിച്ച് വിതരണം ചെയ്യുന്നതിനോടൊപ്പം തന്നെ കേരളത്തിനകത്ത് കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ സ്ഥാപിച്ച വരുന്ന ഡീഫൈബറിംഗ് മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്ന ചകിരി, കട്ടിച്ചകിരി, പിത്ത് എന്നിവ സംഭരിച്ച് വിതരണം ചെയ്യുന്നതിന്റെ ചുമതല കയർഫെഡിനാണ്. കയർഫെഡ് ഇങ്ങനെ സംഭരിക്കുന്ന ചകിരിയും പിത്തും, ചകിരിച്ചോറും സംഭരിച്ച് സൂക്ഷിച്ച് പ്രോസസ് ചെയ്യുന്നതിന് കയർഫെഡിന്റെ ഉടമസ്ഥതയിലുള്ള കൊച്ചിയിലെ മുനമ്പം, പള്ളുരുത്തി എന്നീ സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ മുനമ്പത്ത് പിത്തിന്റെ സംസ്കരണത്തിനുള്ള നടപടികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. എന്നാൽ തുറസ്സായ സ്ഥലത്താണ് മുനമ്പത്ത് ഇപ്പോൾ പിത്ത് സംസ്കരണം നടന്നുവരുന്നത്. പക്കഗോഡൗണുകളുള്ള പള്ളുരുത്തിയിൽ ഇത് കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുവാൻ സാധിക്കുന്നതാണ്. ഇതിനുള്ള ചെറിയ തടസ്സം, വഴി സംബന്ധിച്ചുള്ളതാണ്. ഇത് പരിഹരിക്കുന്ന മുറയ്ക്ക് പള്ളുരുത്തിയിൽ കൂടുതൽ ശാസ്ത്രീയപരമായി ചകിരിച്ചോറിന്റെ പ്രോസസിംഗ് നടത്തുവാനുള്ള പദ്ധതിയാണ് കയർഫെഡ് വിഭാവനം ചെയ്തിരിക്കുന്നത്.<br><br>ടി സ്ഥലം കയർഫെഡിന്റെ പള്ളുരുത്തിയിൽ സ്ഥിതി ചെയ്യുന്ന പക്കഗോഡൗണുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു സമുച്ചയമാണ്. ഇത് മുൻകാലങ്ങളിൽ കയർ സംഭരിച്ച് സൂക്ഷിക്കുന്നതിന് ഉപയോഗിച്ചിരുന്നതാണ്. എന്നാൽ കാലക്രമേണ പ്രസ്തുത മേഖലയിലെ |

| | |
|---|---|
| | കയറിന്റെ ഉൽപ്പാദനം കുറഞ്ഞു വരുന്നതിനാൽ ഇവിടെ ഇപ്പോൾ കയർ സംഭരിക്കുന്നില്ല. ഇപ്പോൾ അത് തമിഴ് നാട്ടിൽ നിന്നും മറ്റും കൊണ്ടുവരുന്ന ചകിരി സൂക്ഷിക്കുന്നതിനുള്ള റിസർവ് ഗോഡൗണായി നിലനിർത്തി വരികയാണ്. ഇതിനുള്ള കാരണം പ്രസ്തുത ഗോഡൗൺ ചേർത്തല, നോർത്ത് പറവൂർ, വൈക്കം എന്നീ കയർ ഉൽപ്പന്ന മേഖലകളുടെ അടുത്ത് സ്ഥിതി ചെയ്യുന്നതാണ്. പക്ഷേ കഴിഞ്ഞ കുറെ നാളുകളായി ഉൽപ്പാദകരിൽ നിന്നും ചകിരി സംഭരിച്ച് അംഗ സംഘങ്ങൾക്ക് നേരിട്ട് എത്തിക്കുന്നതിനാൽ ടി ഗോഡൗണിൽ ചകിരി സൂക്ഷിക്കേണ്ട ആവശ്യം വന്നിട്ടില്ല. എന്നാലും അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി ടി ഗോഡൗൺ കയർഫെഡിന് ആവശ്യമാണ്. |
| ബി) ഈ ഗോഡൗണിലേയ്ക്കുള്ള വഴി സംബന്ധിച്ച പ്രശ്നത്തിൽ പരിഹാരം ആയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | ബി) പ്രസ്തുത വസ്തുവിലേയ്ക്ക് നിയമാനുസൃതമുള്ള ഒരു വഴി നിർമ്മിക്കുന്നതിനുള്ള നടപടികൾ കയർഫെഡ് സ്വീകരിച്ചു വരികയാണ്. ആയതിന്റെ ഭാഗമായി ടി സ്ഥലത്തിന് സമീപം സ്ഥിതിചെയ്യുന്ന പഷ്ണിത്തോടിന്റെ മുകളിലൂടെ ചെറിയ പാലം നിർമ്മിക്കുക, പുറംപോക്ക് ഭൂമി കണ്ടെത്തി അതുവഴി വഴി നിർമ്മിക്കുക അല്ലെങ്കിൽ തൊട്ടടുത്തുള്ള ഉടമയെ കണ്ടെത്തി ആയതിനുള്ള നടപടി സ്വീകരിക്കുക എന്നിവയിൽ ഏതെങ്കിലും നടപടി സ്വീകരിക്കുവാനാണ് കയർഫെഡ് ആലോചിക്കുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ